## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2455** **20/06/2012** ൽ മറുപടിക്ക്

# എൽ. ഇ. ഡി. ലൈറ്റിങ്ങ്

ചോദ്യം
ശ്രീ. കെ.കെ. നാരായണൻ

ഉത്തരം
കുമാരി പി.കെ. ജയലക്ഷ്മി,
(ബഹു. പട്ടികവർഗ്ഗക്ഷേമവും
യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മ്യൂസിയങ്ങളിലും മറ്റനുബന്ധ സ്ഥാപനങ്ങളിലും എൽ.ഇ.ഡി.ലൈറ്റിങ്ങ് സ്ഥാപിച്ച്, വൈദ്യുതിയും പണവും ലാഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | കാഴ്ചബംഗ്ളാവും മൃഗശാലയും വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം മ്യൂസിയങ്ങളിലും ബൊട്ടാണിക്കൽ ഗാർഡനിലും എൽ.ഇ.ഡി. ലൈറ്റിങ്ങ് സ്ഥാപിച്ചുകഴിഞ്ഞു. തൃശ്ശൂർ കാഴ്ചബംഗ്ളാവിലും മൃഗശാലയിലും എൽ.ഇ.ഡി. ലൈറ്റിങ്ങ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരം പ്രവർത്തികൾ എവിടെയെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഴ്ചബംഗ്ളാവും മൃഗശാലയും വകുപ്പിൽ ആർട്ട് മ്യൂസിയം, ആർട്ട് ഗ്യാലറി, ശ്രീ.ചിത്രാ എൻക്ളേവ്, നാച്ചറൽ ഹിസ്റ്ററി മ്യൂസിയം, കെ.സി.എസ്. പണിക്കർ ഗ്യാലറി, ബൊട്ടാണിക്കൽ ഗാർഡൻ,ഓഡിറ്റോറിയം, ചിൽഡ്രൻസ് ആക്ടിവിറ്റി സെന്റർ എന്നിവിടങ്ങളിൽ എൽ.ഇ.ഡി. സൗരോർജ്ജ വിളക്കുകളും ഇരുപത് പരിസ്ഥിതി സൗഹൃദ സൗരോർജ്ജ ലൈറ്റുകളും സൗരോർജ്ജ പാനലുകളും സ്ഥാപിച്ചു കഴിഞ്ഞു. ഈ ഊർജ്ജ പദ്ധതിക്കായി 2,70,00,000/-(രണ്ട് കോടി എഴുപതുലക്ഷം രൂപ മാത്രം) ചിലവായി. ഈ പണികൾ പൂർത്തിയാക്കിയത് കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ ആണ്. |

| | | | |
|---|---|---|---|
| (സി) | ഇതോടൊപ്പം സൗരോർജ്ജ വൈദ്യുത സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സൗരോർജ്ജ പദ്ധതി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും 7.5K/W വൈദ്യുതി ഉത്പാദിപ്പിക്കത്തക്ക സൗരോർജ്ജം ലഭ്യമാക്കുന്ന രീതിയിൽ ടി പദ്ധതി മ്യൂസിയവും മൃഗശാലയും ഡയറക്ടറേറ്റ്, കെ.സി.എസ്. പണിക്കർ ഗ്യാലറി എന്നിവിടങ്ങളിൽ നടപ്പിലാക്കി കഴിഞ്ഞു. മൃഗശാല തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചു വരുന്നു. ഈ പണിയും കെൽട്രോൺ മുഖാന്തിരമാണ് ചെയ്യുന്നത്. |

Padmana P

സെക്ഷൻ ഓഫീസർ

MBD